(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലി ല്ലായ്മ വേതനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 5/98 വരെയുള്ള തൊഴിൽരഹിത വേതനം 1998 ഫെബ്രുവരി യിൽ വിതരണം ചെയ്തപ്പോൾ 249577 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 6/98 മുതൽ തൊഴിൽരഹിത വേതനത്തിനായി അപേക്ഷ ക്ഷണിക്കേണ്ടതും പരിശോധിച്ച് അനുവദിക്കേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അപേക്ഷ ക്ഷണിച്ച് നടപടി സ്വീകരിച്ചുവരികയാണ്. ഇതു പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും വേണ്ടതുകയും കണക്കാക്കുവാൻ കഴിയുകയുള്ളൂ. 1999-2000 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തൊഴിൽരഹിത വേതനത്തിനായി 69.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രതിമാസം 100 രൂപയാണ് തൊഴിൽരഹിത വേതനം നൽകിവരുന്നത്.

(ബി) 73.15 കോടി രൂപ.

(സി) 70 രൂപയിൽ നിന്നും 100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) 5.4.97-ലെ ജി.ഒ.(എം.എസ്.) 35/97 പ്രകാരം 70 രൂപയായിരുന്ന തൊഴിൽരഹിത വേതനം 1.8.96 മുതൽ 80 രൂപയായും 1.4.97 മുതൽ 90 രൂപ യായും 2.9.98-ലെ ജി.ഒ.(എം.എസ്.) 66/98/തൊഴിൽ പ്രകാരം 1.4.98 മുതൽ 100 രൂപയായും വർദ്ധിപ്പിച്ചു.

103 (1209) കർഷകത്തൊഴിലാളി പെൻഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങ ളായി എത്ര തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് പെൻഷൻ നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ കുടിശ്ശിക എത്ര ഗഡു കൊടുത്തുതീർക്കാനുണ്ട്; ഇത് എത്ര രൂപവരെ;

(ഡി) കുടിശ്ശിക പെൻഷൻ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 മാർച്ച് 31 വരെ 14,29,815 തൊഴിലാളികൾ

(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആർക്കു തന്നെ പെൻഷൻ നൽകുന്നില്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി സർക്കാർ നൽകിവ രുന്ന കർഷക തൊഴിലാളി പെൻഷന്റെ 10/98 മുതൽ 3/99 വരെയുള്ള രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗഡു (6 മാസത്തെ) പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഈ രണ്ട് ഗഡു കൂടി കുടിശ്ശിക നൽകുന്നതിന് ഏകദേശം 19,13,00,000 രൂപ വേണ്ടിവരും. 31.3.99 വരെ 3,00,784 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ട്.

(ഡി) 1996-97 സാമ്പത്തികവർഷം മുതൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ശരിയായ കണക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ വകുപ്പു ശേഖരിച്ചുവരികയാണ്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ശരിയായ കണക്ക് ലഭിച്ചാൽ ഉടൻ കുടിശ്ശിക പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

104 (1210) കർഷകത്തൊഴിലാളികൾക്കു പെൻഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കർഷകത്തൊഴിലാളികൾക്ക് പുതുതായി പെൻഷൻ നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) നേരത്തെ എത്ര കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ കിട്ടിക്കൊണ്ടിരുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പു മുഖാന്തിരം പുതുതായി ആർക്കും കർഷകത്തൊഴിലാളി പെൻഷൻ നൽകിയിട്ടില്ല. പുതുതായി കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(ബി) 31.3.99 വരെ 3,00,784 കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ നൽകിക്കൊണ്ടിരുന്നത്.

105 (1211) തൊഴിലില്ലായ്മ വേതനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര മാസത്തെ തൊഴിലില്ലായ്മ വേതനം കുടിശ്ശിക വരുത്തിയിട്ടുണ്ട്; വേതനം, കുടിശ്ശിക വേതനം എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരുടെ എണ്ണത്തിന് കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും കാരണമെന്താണെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly